**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1356** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലത്തെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ മങ്കട മണ്ഡലത്തിൽ ഉൾപ്പെട്ട ഒരാട്ടം പാലം - വൈലോങ്ങര ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ. യെ പദ്ധതി നിർവ്വഹണ സ്ഥാപനമായി (SPV) നിയമിച്ചിട്ടുള്ളതാണ്. തുടർന്ന് ആർ.ബി.ഡി.സി.കെ പദ്ധതിയുടെ DPR തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും, പദ്ധതി നിർവ്വഹണത്തിനായി കിഫ്ബി 12.62 കോടി രൂപ 22.05.2018 ൽ അനുവദിക്കുകയും ഉണ്ടായി. പദ്ധതിയ്ക്കുവേണ്ടി ഭൂമി ഏറ്റെടു ക്കുന്നതിനുള്ള വിജ്ഞാപനം 12.07.2018 ന് പ്രസിദ്ധീകരിക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ ഭൂമി ഏറ്റെടുക്കലിനെതിരെ ഭൂവുടമകൾ ശക്തമായ എതിർപ്പ് ഉയർത്തിയതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല.<br><br>പിന്നീട് ഭൂവുടമകളുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം ചേർന്ന് പുതിയ അലൈൻമെന്റിന്റെ സാദ്ധ്യത വിലയിരു ത്തുകയും, വീടുകൾ ഇല്ലാത്ത വയലിലൂടെ കടന്നു പോകുന്ന രീതിയിൽ പുതുക്കിയ അലൈൻമെന്റ് സമർപ്പിക്കാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി 16.10 കോടി രൂപ 22.05.2023 ന് അനുവദിക്കുകയും ചെയ്തു.<br><br>തുടർന്ന് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിന് വീണ്ടും ജില്ലാ കളക്ടർക്ക് 29.05.2023 ന് അർത്ഥനാപത്രം നൽകി. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ 4(1) വിജ്ഞാപനം 16.12.2023 ൽ പുറപ്പെടുവിക്കുകയും സാമൂഹിക ആഘാത പഠനവും, എക്സ്പെർട്ട് കമ്മിറ്റിയും പൂർത്തിയാക്കി 11(1) വിജ്ഞാപനം 05.08.2024 ന് പുറപ്പെടുവിച്ചു. ജില്ലാകളക്ടർ |

| | | | |
|---|---|---|---|
| | | | 12.03.2025 ന് അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും, 04.07.2025 ന് വിശദവില നിർണ്ണയ റിപ്പോർട്ടും അംഗീകരിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് തഹസിൽദാർ ആവശ്യപ്പെട്ട നഷ്ടപരിഹാര തുകയായ 3,51,84,925/- രൂപ 29.07.2025 ന് തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരുകയാണ്. |
| (ബി) | ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി |
| (സി) | ബൈപ്പാസ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ